# പോലീസ് അറിയിപ്പ്

എറണാകുളം സിറ്റി പോലീസ് പരിധിയിൽ കഴിഞ്ഞ ദിവസം രാത്രി വീട്ടുകാരെ ഉപദ്രവിച്ച് കൊള്ളനടത്തിയ രണ്ടു സംഭവങ്ങൾ ഉണ്ടായിട്ടുള്ളതാണ്. ടി സംഘങ്ങളിൽ ഏകദേശം 10 പേർ അടങ്ങിയിരിന്നുവെന്നും, അന്യസംസ്ഥാനത്തുനിന്നുള്ളവരാണെന്നുമാണ് പ്രാഥമികാന്വേഷണങ്ങളിൽ നിന്നും അറിവായിട്ടുള്ളത്. വീടിൻെറ മുൻവശത്തെ ജനലിൻെറ ഗ്രിൽ ബലം ഉപയോഗിച്ച് ഇളക്കിമാറ്റി അകത്ത് കടക്കുന്നതാണ് ഇവരുടെ രീതി. അതൊടൊപ്പം തടസ്സം നിൽക്കുന്നവരെ ഉപദ്രവിച്ചും, കൈകാലുകൾ കെട്ടിയിട്ടും, സെലോടേപ്പ് ഉപയോഗിച്ച് നിശബ്ദരാക്കിയുമാണ് കൊള്ള നടത്തുന്നത്. ആയതിനാൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള മുന്നൊരുക്കത്തിനായി എറണാകുളം റൂറൽ പോലീസ് താഴെ പറയുന്ന കാര്യങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

1. രാത്രികാലങ്ങളിൽ വീടിനുചുറ്റുമുള്ള (പ്രത്യേകിച്ച് അടുക്കള ഭാഗത്തും, മുൻശത്തും) ലൈറ്റുകൾ അണയ്ക്കാതിരിക്കുക.
2. സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള വീടുകൾ, രാത്രി കാലങ്ങളിൽ റിക്കോർഡിങ്ങ് മോഡിൽ ആണെന്ന് ഉറപ്പുവരുത്തുക.
3. വീടുകളിൽ വിൽപ്പനക്കായും/ഭിക്ഷക്കായും വരുന്ന അന്യസംസ്ഥാനക്കാരെ കഴിവതും ഒഴിവാക്കുക.
4. കൂടുതലായുള്ള പണവും, സ്വർണ്ണാഭരണങ്ങളും, ബാങ്ക് ലോക്കറിൽ വയ്ക്കുക.
5. അയൽപക്കത്തുള്ളവരുമായി നല്ലബന്ധം സ്ഥാപിക്കുകയും, പ്രത്യേക വാട്ടസ് ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും, എന്തെങ്കിലും അസ്വാഭികമായി കാണുകയാണെങ്കിൽ ഉടനടി വിവരങ്ങൾ കൈമാറുകയും ചെയ്യുക.
6. അപരിചിതരായവരുടെ സംശയകരമായ പ്രവർത്തികൾ കണ്ടാൽ ഉടനടി പോലീസ് സ്റ്റേഷനിൽ അറിയിക്കുക.
7. രാത്രികാലങ്ങളിൽ കോളിങ്ങ് ബെൽ അടിച്ചാൽ, ഉടനെ വാതിൽ തുറക്കാതെ, വ്യക്തിയെ തിരിച്ചറിഞ്ഞശേഷം മാത്രം തുറക്കുക.
8. രാത്രി വീടിൻെറ പുറത്ത് പ്രത്യേക ശബ്ദമോ, പൈപ്പിൽ നിന്നോ മറ്റോ വെള്ളം ഒഴുകുന്നതിൻേറയോ ശബ്ദം കേട്ടാൽ വിവരം അടുത്തുള്ള നല്ല സുഹൃത്തുകളെ ഫോൺ വഴി വിവരം അറിയിക്കുക. കൂടാതെ ഫോൺ സൈലൻറ് മോഡിൽ വയ്ക്കാതിരിക്കുക.
9. പൂട്ടുപൊളിക്കാനുതകുന്ന തരത്തിലുള്ള വീട്ടുപകരണങ്ങളായ കോടാലി, വാക്കത്തി, പിക്കാസ് തുടങ്ങിയ വീടിൻെറ പുറത്തിടാതെ വീട്ടിനുള്ളിൽത്തന്നെ സൂക്ഷിക്കുക.
10. വാതിലുകളും, ജനലുകളും ശരിയാംവണ്ണം അടച്ച് കുറ്റിയിട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
11. പ്രായമായവർ ഒറ്റക്ക് താമസിക്കുന്ന വീടുകൾ ബന്ധുക്കളും, നല്ല സുഹൃത്തുക്കളും നിരീക്ഷിക്കുയും വേണ്ട ഉപദേശങ്ങൾ നൽകേണ്ടതുമാണ്.

കാര്യഗൗരമവമായി ഉണർന്ന് പ്രവർത്തിച്ചാൽ ഏതപകടകവും, ഭവിഷത്തുകളും നമുക്ക് തടയാനാകും.